# Bits n Bytes

## Volume - 2

## ലിറ്റിൽ കൈറ്റ്സ്

### ഡിജിറ്റൽ മാഗസിൻ

2020

## ഗവ. ഹൈസ്കൂൾ മരത്തംകോട്

# പത്രാധിപ സമിതി

- ആദിത്യൻ എം എൽ
- മനീഷ കെ ഡി
- അബ്ദുൾ ലത്തീഫ് പി ബി
- വിനയ വി വി

& All LK Team

# ആശംസകൾ

*മരത്തംകോട് ഗവ. സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയാറാക്കിയ ഈ മാഗസിന് എല്ലാവിധ വിജയാശംസകളും നേരുന്നു. പഠനത്തോടൊപ്പം പുതിയ കാലഘട്ടത്തിന്റെ അവശ്യഘടകമായ ടെക്നോളജി സ്വായത്തമാക്കുന്നതിന് ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞു എന്നത് ഏറ്റവും സന്തോഷം തരുന്ന ഒന്നാണ്. പൊതുവെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ സ്കൂളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ ടെക്നോളജി ഉപയോഗത്തിൽ പ്രാവീണ്യവും താത്പര്യവും പകരുന്നതിൽ ലിറ്റിൽകൈറ്റ്സ് വഹിച്ച പങ്ക് വളരെ വലുതാണ്. ഒരിക്കൽക്കൂടി ഈ സംരഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.*

വത്സല വി വി
ഹെഡ്മിസ്ട്രസ്സ്

# പേജുകളിലൂടെ


അമ്മമഴ 1

3R എന്ന മുദ്രാവാക്യം 2

മലയാള ചെറുകഥ 4

ഇന്ത്യയിലെ പൈതൃക കേന്ദ്രങ്ങൾ 6

ഡോ. ബി. ആർ. അംബേദ്കർ 7

മാലിന്യങ്ങൾക്കെതിരെ 9

Why is the dead sea so salty? 10

വിഡ്ഢി ദിനം 11

ജയ്ഹിന്ദ് 12

കുടക്കല്ലിലേക്ക് ഒരു യാത്ര 13

അറബിക് കവിത 14

തെയ്യങ്ങൾ 15

GK Corner – Questions 16

GK Corner – Answers 17

യാത്ര 18


സ്നേഹസാന്ത്വനം 19

ദേവഭാഷയെ ഓർക്കാം 20

തമിഴ് കവിത 22

സ്കൂളിലെ ഓർമകൾ 23

# അമ്മമഴ



അമ്മമഴയിതാ കേഴുന്നു പിന്നെയും
പെയ്താൽ ശപിക്കുന്നു നിങ്ങളെന്നെത്തന്നെ
ഇല്ലെങ്കിലിത്രയ്ക്കു ദേഷ്യം വരേണമോ
എൻകുഞ്ഞ് പൊൻകുഞ്ഞെനിക്കെന്നറിയുമോ

ഇന്നലെ പെയ്ത മഴയെ പ്രളയമായ്
ഇന്ന് പെയ്യാത്തൊരു മഴയെ വരൾച്ചയായ്
വീഴ്ത്തുന്നു വാഴ്ത്തുന്നു മാനവരാശിയും
താൻതാനനുഷ്ഠിച്ച കർമ്മഫലങ്ങളാൽ

കാലം മറിഞ്ഞു പ്രകൃതിയും മാഞ്ഞുപോയ്
കുന്നുകൾ കുഴികളായ് കോലവും കെട്ടുപോയ്
പിന്നെയും പിന്നെയും പഴികേട്ടു ശൂന്യമായ്
മഴയുടെ അമ്മയ്ക്കു ലോകം മടുത്തുപോയ്.


*ഗീത എ ബി*

# 3R എന്ന മുദ്രാവാക്യം

ആഗോളതലത്തിൽ അംഗീകരിച്ച വെയ്സ്റ്റ് മാനേജ്മെന്റ് മുദ്രാവാക്യമാണ് Reduce, Reuse, Recycle അഥവാ 3R.

**Reduce** : ആവശ്യത്തിന് മാത്രം സാധനങ്ങൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുക.


**Reuse** : ഉപയോഗം തീർന്നെന്ന് ആദ്യമേ എഴുതിത്തള്ളാതെ ഏതൊരു വസ്തുവും മറ്റേതെങ്കിലും തരത്തിൽ പ്രയോജനപ്പെടുത്താനാവുമോ എന്ന സാധ്യത തിരയുക. പഴയ പ്ലാസ്റ്റിക് ബോട്ടിലുകൾ ചെടിച്ചട്ടികളാക്കുന്നതും ന്യൂസ്പേപ്പർകൊണ്ട് ബാഗുകളുണ്ടാക്കുന്നതുമെല്ലാം ഉദാഹരണം.




**Recycle** : ഉപയോഗശൂന്യമായ വാസ്തുക്കൾ ഘടനാപരമായ മാറ്റങ്ങൾ വരുത്തി പുതിയ ഉത്പന്നങ്ങളാക്കി മാറ്റുന്നതാണ് റീസൈക്കിൾ. റീസൈക്കിൾ

ചെയ്തെടുക്കുന്ന ഉത്പന്നത്തിന് ആദ്യത്തേതുമായി എന്തെങ്കിലും ബന്ധം ഉണ്ടാകണമെന്ന് നിർബന്ധമില്ല. മാലിന്യം തടയുന്നതിനോടൊപ്പം പ്രക്രതിവിഭവങ്ങളുടെ അമിതോപയോഗം തടയുന്നതിനുള്ള മികച്ച മാർഗംകൂടിയാണിത്. അസംസ്കൃത വസ്തുവിനായുള്ള ഖനനം, ഊർജ ഉപഭോഗം എന്നിവ കുറയുന്നതുമൂലം ഭൂമിയുടെ മേലുള്ള സമ്മർദ്ദം കുറയുന്നു. ആഗോളതാപനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയുന്നതും പുനഃചംക്രമണത്തിന്റെ മികച്ച ഗുണങ്ങളാണ്. റീസൈക്കിൾ ചെയ്യാൻ ഊർജം ആവശ്യമാണെങ്കിലും പുതിയവ ഉണ്ടാക്കുന്നതിന്റെ നാലിലൊന്നേ വേണ്ടിവരുന്നുള്ളു.

***ആദിത്യൻ എം എൽ***



# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891 - ൽ പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

**ഒന്നാം ഘട്ടം**

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

**രണ്ടാം ഘട്ടം**

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി.

ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർ ത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻ കുന്നം വർക്കി എന്നിവരാണവർ.

## സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർ ണ്ണയുഗം സൃഷ്ടിച്ചത്. ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുംമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

* * * * * *

# ഇന്ത്യയിലെ  പൈതൃക കേന്ദ്രങ്ങൾ

1. കാസിരംഗ വന്യജീവി സംരക്ഷണ കേന്ദ്രം - അസം
2. മഹാബോധി ക്ഷേത്ര സമുച്ചയം - ബിഹാർ
3. കുത്തബ് മിനാർ - ഡൽഹി
4. ചെങ്കോട്ട - ഡൽഹി
5. ചർച്ച്സ് ആൻഡ് കോൺവെന്റ്സ് - ഗോവ
6. ഹംപിയിലെ  സ്മാരകങ്ങൾ - കർണാടക
7. സാഞ്ചിയിലെ ബുദ്ധ സ്മാരകം - മധ്യപ്രദേശ്
8. ഖജുരാഹോ  ക്ഷേത്രസമുച്ചയങ്ങൾ - മധ്യപ്രദേശ്
9. റാണി കി വാവ് - ഗുജറാത്ത്
10. കൊണാർക്ക് സൂര്യ ക്ഷേത്രം - ഒഡിഷ
11. ജന്തർ മന്ദർ - രാജസ്ഥാൻ
12. മഹാബലി പുരം ക്ഷേത്രസമുച്ചയം - തമിഴ്നാട്
13. ചോള ക്ഷേത്രങ്ങൾ - തമിഴ്നാട്
14. ആഗ്ര കോട്ട - ഉത്തർപ്രദേശ്
15. താജ്മഹൽ - ഉത്തർപ്രദേശ്
16. പശ്ചിമഘട്ടം - കേരളം, കർണാടക, തമിഴ്നാട് മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ
17. ഹിൽ ഫോർട്സ് - രാജസ്ഥാൻ
18. അജന്താ, എല്ലോറാ, എലഫെന്റ ഗുഹകൾ - മഹാരാഷ്ട്ര
19. ഗ്രേറ്റ് ഹിമാലയൻ ദേശീയോധ്യാനം - ഹിമാചൽ പ്രദേശ്
20. സുന്ദർബൻ ദേശീയോധ്യാനം - പശ്ചിമബംഗാൾ




കാസിരംഗ



ചെങ്കോട്ട



പശ്ചിമഘട്ടം

***സമ്പാദനം : മനീഷ കെ ഡി***

# ഡോ. ബി. ആർ. അംബേദ്കർ

ജിവിതരേഖ

1. 1891 ഏപ്രൽ 14 - ന് മധ്യപ്രദേശിലെ മഹുകൺമെന്റിൽ ജനനം.
2. 1908 -ൽബോംബെ യൂണിവേസിറ്റിയിൻനിന്ന് മെട്രിക്കുലേഷൻ പൂർത്തിയാക്കി.
3. നാലുവർഷത്തിനുശേഷം അതേ സർവകലാശാലയിൽനിന്ന് പൊളിറ്റിക്കൽ സയൻസ് ആൻഡ് ഇക്കണോമിക്സിൽ ബിരുദം നേടി.
4. 913 മുതൽ 1917 വരെ അമേരിക്കയിലെ കൊളംബിയ യൂണിവേഴ്സിയിലും 1920 മുതൽ 1923 വരെ ലണ്ടനിലും ഉപരിപഠനം.
5. The Evolution of Provincial Finance in British India എന്ന തീസിസിന് കൊളംബിയ യൂണിവേസിറ്റിയിൽ പിഎച്.ഡി ലഭിച്ചു.




6. ഡോ. ബി. ആർ . അംബേദ്കറിന്റെതായി ആദ്യമായിപ്രസിദ്ധീകരിച്ച ലേഖനം - Castes in India: Their Mechanism, Genesis and Development
7. 1920 ൽ ലണ്ടനിലേക്ക് പോകുന്നതിന് മുൻപ് ബോംബയിൽ ഒരു കോളേജിൽ അംബേദ്കർ അധ്യാപകനായി പ്രവർത്തിച്ചിരുന്നു. ഇക്കാലത്താണ് മൂക്നായക് എന്ന മറാത്തി പ്രസിദ്ധീകരണം അദ്ദേഹം നടത്തിയത്.
8. 1923 ൽ ഇന്ത്യയിൽ തിരിച്ചത്തിയ അംബേദ്ക്കർ ബഹിഷകൃത് ഹിതകാരിണി സഭ ആരംഭിച്ചു.
9. ബോംബയ്ക്കടുത്തുള്ള കൊളംബോയിലെ ചൗദാർ ടാങ്കിൽ നിന്ന് ബഷഹിഷ്കൃതർക്ക് വെള്ളം എടുക്കാൻ മഹഡ് മാർച്ചിൽ അംബേദ്കർ നേത്രത്വം നൽകി.
10. 1930 ൽ നാസിക്കിലെ കലാറം ക്ഷേത്രത്തിൽ ക്ഷേത്രപ്രവേശന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു.
11. മൂന്ന് വട്ടമേശസമേമേളനങ്ങളിലും ബഷഹിഷ്കൃത സമൂഹത്തിന്റെ പ്രതിനിധിയായി അംബേദ്കർ പങ്കെടുത്തിട്ടുണ്ട്.

12. 1947 ൽ ഇന്ത്യയുടെ ഭരണഘടനാനിർമാണസഭയിലേക്ക് ജവാഹർലാൽ നെഹ്റുവിന്റെ ക്ഷണം.

13. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമമന്ത്രി.

14. 1956 ഒക്ടോബർ 14 ന് അംബേദ്കറും അനുയായികളും ബുദ്ധമതം സ്വീകരിച്ചു.

15. 1956 ഡിസംബർ 6 ന് അന്തരിച്ചു.

16. 1990 ൽ മരണാനന്തരബഹുമതിയായി ഭാരതരത്നം നൽകി രാജ്യം ഡോ. ബി. ആർ. അംബേദ്കറിനെ ആദരിച്ചു.

* * * * *

## Why is an MP 3 file called so ?

MP 3 is short for MPEG Audio Layer 3. MPEG is the acronym for Moving Picture Experts Group, which developed a compression system used for audio data. Uncompressed audio files are rather large. The MP3 format is a compression system for audio files like music, talks, etc.

It reduces the number of bytes in a song without affecting the quality of sound, so that the memory space it takes up in the computer is less. The aim of the MP3 format is to compress a song by a factor of 10 to 14 without noticeably affecting its sound quality.

MP3 and MP4 sound similar, but they are rather different. MP4 is a media container format used to store media of many types on a computer

# മാലിന്യങ്ങൾക്കെതിരെ ...

മണ്ണിലെ മാലിന്യങ്ങൾ വലിച്ചെടുത്ത് ഭൂമിയെ സംരക്ഷിക്കുന്ന ചില സസ്യങ്ങളുണ്ട്. ഇവയെ വളർത്തിയാൽ വളരെ പ്രയോജനകരമായിരിക്കും. നിക്കൽ മാലിന്യത്തിൽ വളരുന്ന ഒരു സസ്യമാണ് Rinorea niccolifera. ഇതിന്റ ഇലകളിൽ നിന്ന് 18000 മില്ലിഗ്രാമിലധികം നിക്കൽ കണ്ടെത്തിയിട്ടുണ്ട്.

രാമച്ചവും ഘനലോഹങ്ങളെ വലിച്ചെടുക്കുന്നവയാണ്. ഇരുമ്പ്, മഗ്നീഷ്യം,ലെഡ്, സിങ്ക് എന്നിവ വലിച്ചെടുത്താണ് ഈ സസ്യം വളരുന്നത്. ലെംന (Lemna), കബൊംബ (Cabomba) എന്നീ ഇനങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നതാണ്.

ഖര-ദ്രവ മാലിന്യങ്ങൾ ജീവജാലകങ്ങളിൽ എത്തിച്ചേരുന്നത് അപകടമാണ്. എന്നാൽ ചിലയിനം സൂക്ഷ്മജീവികൾ പ്ലാസ്റ്ററിക് പോലുള്ളവയെ വിഘടിപ്പിച്ച് ഉപയോഗിക്കുന്നു. Euphausids എന്ന ഗണത്തിൽപ്പെട്ട ബാക്ടീരിയകൾ അത്തരത്തിൽപെട്ടതാണ്.

മെർക്കുറിയുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്ന ഒരിനം ബാക്ടീരിയയാണ് Pseudomonas Aeruginosa.

Bacilus Safensis എന്നയിനം ബാക്ടീരിയ കാഡ്മിയം സംയുക്തങ്ങളെ വലിച്ചെടുക്കുന്നു. യുറേനിയംപോലുള്ള റേഡിയോ ആക്ടീവ് മൂലകങ്ങളെ വിഘടിപ്പക്കുന്ന ആൽഗകളാണ് Shewanella.പെട്രോളിയം സംയുക്തങ്ങളെ വിഘടിപ്പിക്കാൻ കഴിവുള്ള ആൽഗകളാണ് Scenedesmusobliquus. ചിലയിനംഫംഗസുകളും മാലിന്യങ്ങളെ വിഘടിപ്പിക്കുന്നു. Saccharomyces എന്നയിനം ഫംഗസ് ജലത്തിലെ ലെഡ്, മെർക്കുറി, നിക്കൽ എന്നിവ അയോണുകളായി മാറ്റുന്നു. Aspergillus tubingensis എന്ന ഫംഗസ് പ്ലാസ്റ്ററിക്കിനെ വിഘടിപ്പിക്കുന്നവയാണ്.

***അബ്ദുൾ ലത്തീഫ് പി ബി***

# Why is the dead sea so salty?

The dead sea is not really a sea, it is actually a land locked lake between Israel and jordon. The water is so salty that nothing – plants or fish – can live in it, and that is why it is called ‘dead’.

There are several rivers and streams that feed into the dead sea, but none that drain out.

One of the reasons the dead sea is so salty is because there are no outlets. The minerals that flow into it stay there forever. As water cannot flow out, evaporation is the only way water is released from the sea . With the hot temperatures the water evaporates per day from the dead sea. As this occurs, it leaves behind any dissolved minerals in the sea, increasing its saltiness.

The dead sea holds some of the saltiest water in the world, and is almost six times as salty as the ocean. Moreover, since it is located in a desert, there is very little rainfall to dilute its saltiness.

***ADITHYAN M L***



# വിഡ്ഢി ദിനം

ഇന്ന് സമസ്തലോകങ്ങളിലും വിഡ്ഢികളുടെ ദിനം !

ഇതിന് പ്രത്യേകിച്ചു ഒരു ദിവസത്തിന്റെ ആവശ്യവുണ്ടോ ?....... എന്നറിയില്ല. തമാശയോടെ ഓർത്തു.

അഞ്ചു വർഷത്തെ ഹോസ്റ്റൽ ജീവിതത്തിനിടയിൽ ഒത്തിരി നല്ല ഓർമകൾ ഉണ്ട്. പക്ഷേ ഇന്നത്തെ അനുഭവത്തിന് പ്രത്യേകതകൾ ഏറെയാണ്. അടുത്ത ദിവസത്തെ വരവേൽക്കാൻ വേണ്ടി രാത്രിയിൽ ഒരുക്കങ്ങൾ പുർത്തിയാക്കി (മറ്റുള്ളവർക്ക് പണി കൊടുക്കുക) വളരെ വൈകി ആണ് ഉറങ്ങാൻ കിടന്നത്.

രാവിലെ ഫോൺ ബെല്ലടിക്കുന്നത് കേട്ടാണ് ഉറക്കത്തിൽ നിന്ന് ഉണർന്നത്

ബീനാ........ നിനക്കാ ഫോൺ എന്ന് മെറിൻ വിളിച്ചു പറഞ്ഞു.

പക്ഷേ, അന്നത്തെ ദിവസത്തിന്റെ പ്രത്യകത അറിയാവുന്ന ഞാനുണ്ടോ ഫോൺ എടുക്കുന്നു.


നീ ഫോൺ വച്ചിട്ടു പോയെ, രാവിലെ മനുഷ്യനെ മെനക്കെടുത്താൻ. ഞാൻ ഒരു വിഡ്ഢിയാകാതെ ബുദ്ധിപുർവ്വം രക്ഷപ്പെട്ടിരിക്കുന്നു. എനിക്ക് ഉറക്കെപൊട്ടി ചിരിക്കാനാണ് തോന്നിയത്.

ഇന്ന് ആർക്കും ആരേയും എങ്ങനെയും പറ്റിക്കാമെന്നിരിക്കെ, തൽക്കാലം ചിന്തകൾക്കെല്ലാം വിരാമവിട്ട് ദിന കൃത്യങ്ങളിലേക്ക് തിരിഞ്ഞു.

അന്ന് വൈകുന്നേരമല്ലേ രസം. കാര്യം എന്തെന്നാൽ രാവിലെ എനിക്ക് ഫോൺ വന്നത് ശരി തന്നെയായിരുന്നു. മറ്റാരുമല്ല വിളിച്ചത്. എന്റെ പ്രിയതമൻ തന്നെ .കക്ഷി മാർച്ച് -31 ലെ ഓഫീസ് തിരക്ക് കഴിഞ്ഞ് രാവിലെ എന്നെ വിളിച്ചതാണ്. 'ഇനി നിങ്ങൾ പറയൂ ആരാണ് ശരിക്കും വിഡ്ഢിയായത്".

**ബീനമോൾ യു പി**

# ജയ്ഹിന്ദ്



ദേവനാഥ്

# കുടക്കല്ലിലേക്ക് ഒരു യാത്ര

കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ഞങ്ങളുടെ സ്കൂളിനടുത്തുള്ള ചിറമനേങ്ങാട് എന്ന സ്ഥലത്തേക്ക് കുടക്കല്ല് എന്ന പൈതൃക സ്ഥലം കാണാൻ പോയി. ആ യാത്ര ഞങ്ങൾക്ക് നല്ലൊരു അനുഭവമായിരുന്നു.





ആർക്കിയോളജിക്കൽ ഡിപ്പാർട്ട് മെന്റിന്റെ ആഭിമുഖ്യത്തിലാണ് യാത്ര സംഘടിപ്പിച്ചത്. അത്ഭുതപ്പെടുത്തുന്നതും കൗതുകമുണർത്തുന്നതുമായ കാഴ്ചകൾ ആണ് അവിടെ കാണാൻ കഴിഞ്ഞത്. അവിടെയുണ്ടായിരുന്ന ചില ഉദ്യോഗസ്ഥർ ഞങ്ങൾക്ക് കുടക്കല്ലുകളെക്കുറിച്ച് ചെറു വിവരണങ്ങൾ നൽകി.

ചരിത്രവും പൈതൃകവും സംസ്കാരവും വിളിച്ചോതുന്ന ഈ ശേഷിപ്പുകൾ മഹാശിലായുഗത്തിന്റെ ശേഷിപ്പുകളാണ്.കുടക്കല്ലുകൾക്കിടയിൽ മൃതാവശിഷ്ടങ്ങൾ ആയിരുന്നു എന്നതിന് സംശയമില്ല. പക്ഷേ ആരുടെ മൃതദേഹാവശിഷ്ടങ്ങൾ ആണ് എന്നതിൽ എപ്പോഴും തർക്കമുണ്ട്. വീരയോദ്ധാക്കളുടെയോ, നാട്ടുപ്രമാണിമാരുടെയോ ആയിരിക്കാം എന്നാണ് ഒരു കൂട്ടർ പറയുന്നത്. കുടക്കല്ലിന് അടിയിൽ അവർ ഉപയോഗിച്ചിരുന്ന പാത്രങ്ങളും, വിലപ്പിടിപ്പുള്ള ആഭരണങ്ങളും കാണുന്നുണ്ട്.

എല്ലാ കുടക്കല്ലുകളും ഒരുപോലെയല്ല കാണപ്പെടുന്നത്. കൽവൃത്തങ്ങൾ, കല്ലറകൾ, തൊപ്പിക്കല്ലുകൾ എന്നിങ്ങനെ പലതരം അവശേഷിപ്പുകൾ കാണുവാൻ കഴിഞ്ഞു. ഓലക്കുട പോലെ തോന്നുന്ന കല്ലുകളാണ് അധികം കണ്ടത്. കൂമ്പാരക്കല്ല് തൊപ്പിക്കല്ല് എന്നിവ ചേർന്നാണ് കുടക്കല്ലുകൾ നിർമ്മിച്ചിരിക്കുന്നത്. തൊപ്പിക്കല്ലിനു താഴെയായി ഭൂമിക്കടിയിൽ നന്നങ്ങാടികളും കാണപ്പെടുന്നു.

ഇതു പോലെയുള്ള ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിൽ ഞങ്ങളെപ്പോലുള്ള കുട്ടികൾക്ക് വളരെ വലിയ പങ്കുണ്ട്. ഞങ്ങൾ അതു ചെയ്യുനമെന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഞങ്ങൾ തിരിച്ച് സ്കൂളിൽ എത്തിയത്.

***മനീഷ കെ. ഡി***

# അറബിക് കവിത

## يَا اَللّٰه

اَلرَّحْمٰنْ حَبِيْبِيَا

لَبَّيْكَا تَوَكَّلْتَ

جَلَّ اِذَا يَغْفِرْنَا يَا اَللّٰه

نَحْنُو نَتَشَرَّفْنَا

رَدَدْتَ بِذُنْبَاكَ

تَسْتِنِي بِلَا شَوْقٍ جَنَّتِكَا

اَسْلِمْتْ سِرَّنَا

اَقْسِمَتْ جَهْرَنَا

فِي فِرَاشِيْنَ يَا اَللّٰه

ഫഹദ് വി വി

# തെയ്യങ്ങൾ

തെയ്യങ്ങൾ എന്നതിന് ദൈവങ്ങൾ എന്നാണത്രേ അർഥം. തെയ്യം കെട്ടിയാടുന്ന ദിവസം മുമ്പിലെത്തുന്ന ഏത് ഉന്നതനും തെയ്യത്തിനെ വണങ്ങും.

അധ്യപകരേ അങ്ങനെ നിങ്ങളുടെ ദിവസമാണ് സെപ്റ്റംബർ - 5. അധ്യപകരായ നിങ്ങൾ ആരൊക്കെയോ ആണെന്ന് വിചാരിച്ച് ഉയർന്നുയർന്ന് ആകാശത്തോളം എത്തുന്ന ദിനം. ആറാം തിയതി വീണ്ടും വാമനനിൽ തന്നെ. അധ്യാപക പരിശീലനക്കാലത്തെ അധ്യാപകദിന സന്ദേശമായി കണ്ണൂർ സ്വദേശിയായ ഒരു അധ്യാപകൻ തന്നഉപദേശമാണിത്.



രണ്ടു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും വിദ്യർത്ഥികളെ ഏതു വഴിയേ നയിക്കണമെന്നോ അവർ പോകുന്ന വഴി തിരുത്തപെടേണ്ടതണോ എന്നും ഇപ്പോഴും സംശയം ബാക്കി. എങ്കിലും അധ്യാപകൻ ഇപ്പോഴും തെയ്യം തന്നെ.

ഒമ്പതാംക്ലാസ്സെന്ന ശുദ്ധീകരണസ്ഥലത്ത് എത്തിപ്പെട്ടവനെ SSLC പാസാക്കുക എന്ന ദൈവത്തിന്റെ ജോലി ഏറ്റെടുത്ത അധ്യാപകൻ തെയ്യം ആകുന്നു.

വിദ്യാർഥികളിലെ അച്ചടക്ക രാഹിത്യം, മനോവൈകല്യങ്ങൾ, അക്കാദമിക നിലവാരക്കുറവ്, ഉത്തരവാദിത്വമില്ലായ്മ......... ചാനൽ ചർച്ചകളിലെ എല്ലാ ആരോപണങ്ങളും സ്വയം ഏറ്റെടുത്തു കുരിശേറുന്ന അധ്യാപകൻ രക്ഷകനായ ദൈവം തന്നെ തന്നെ.

വിദ്യാർഥികളുടെയും ചിലപ്പോൾ രക്ഷാകർത്താക്കളുടെയും അടിസ്ഥാന രഹിത ആരോപണങ്ങൾ ക്ഷമിക്കാനും പൊറുക്കാനും കഴിയേണ്ട വിശാലഹൃദയവും അധ്യാപകനായ തെയ്യത്തിനുണ്ടാകും.

അവസാനം അൻപത്തിയാറാം വയസിൽ വേഷം അഴിച്ചുവെക്കുമ്പോൾ പരിഗണനയും സ്നേഹവും നന്ദിയും നിറഞ്ഞ മനസുകളുടെ സാമീപ്യം ഉണ്ടാകട്ടെ.

***ലിൻസി ജോൺ ബി***

# GK Corner - Questions



1. ഏറ്റവും കൂടുതൽ രാജ്യങ്ങളിലൂടെ ഒഴുകുന്ന നദി ഏത് ?
2. അരിമ്പാറയ്ക്ക് കാരണമായ സൂക്ഷ്മജീവി ഏത് ?
3. ഏത് സമരത്തിന്റെ മുദ്രാവാക്യമായിരുന്നു 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്' ?
4. 'ഭരണഘടനയുടെ ഹൃദയവും ആത്മാവും' എന്ന് ഡോ. ബി. ആർ. അംബേദ്കർ വിശേഷിപ്പിച്ച അനുച്ഛേദം ?
5. ഒളിമ്പിക് വളയങ്ങളിൽ ഏഷ്യയെ പ്രതിനിധാനം ചെയ്യുന്ന വളയത്തിന്റെ നിറമെന്ത് ?
6. കണ്ണൂരിൽനിന്ന് ചെന്നൈയിലേക്കു നടന്ന 'പട്ടിണി ജാഥ' നയിച്ചതാര് ?
7. 'ഓമനത്തിങ്കൾ കിടാവോ' എന്ന് തുടങ്ങുന്ന താരാട്ടുപാട്ട് രചിച്ചതാര് ?
8. 'ഹംസവും ദമയന്തിയും' എന്ന പ്രശസ്തമായ ചിത്രം വരച്ച ചിത്രകാരൻ ആര് ?
9. വനിതാനാമം നൽകപ്പെട്ടിരിക്കുന്ന സൗരയൂഥത്തിന്റെ ഏക ഗ്രഹം ഏത് ?
10. ആരോഗ്യമുള്ള പരിസ്ഥിതിക്ക് രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ എത്ര ശതമാനം ഭാഗം വനമായിരിക്കണം ?





ശ്രീനാരായണ ഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത് ഏത് നദിയുടെ തീരത്താണ് ?








# GK Corner - Answers

1. ഡാന്യൂബ്.
2. വൈറസ്.
3. മലയാളി മെമ്മോറിയൽ.
4. അനുച്ഛേദം 32
5. മഞ്ഞ.
6. എ.കെ.ഗോപാലൻ.
7. ഇരയിമ്മൻ തമ്പി.
8. രാജാ രവിവർമ്മ.
9. ശുക്രൻ (വീനസ്)
10. 33 ശതമാനം

നെയ്യാർ !!












# യാത്ര

കാര്യമായ കാരണങ്ങൾ ഒന്നുമുണ്ടായിരുന്നില്ല എന്റെ ആ യാത്രയ്ക്ക്. പക്ഷേ എന്നെ ഞാനാക്കി മാറ്റിയ ആ നാടിനോട് വിടപറയേണ്ടിവന്ന യാത്രയായിരുന്നു ആതെന്ന് മനസ്സിലാവാൻ അധികം സമയം വേണ്ടിവന്നില്ല.

പുതിയസ്ഥലം, പുതിയനാട്, പുതിയ അന്തരീക്ഷം എന്നൊക്കെ ചിന്തിക്കുമ്പോൾ എത്ര സന്തോഷമുണ്ടായിരുന്നോ അതിന്റെ ഇരട്ടി വിഷമവും കൊണ്ടായിരുന്നു ഞാൻ തീവണ്ടിയിൽ കയറിയത്. ആ യാത്രഷൊർ ണ്ണൂരിലാണ് അവസാനിച്ചത്. കണ്ണ് കാണാൻ മാത്രമല്ല മനസിന്റെ വിഷമം കഴുകികളയാനുള്ള ഒരു ഉപാധികൂടിയാണ് എന്ന് ഞാൻ മനസിലാക്കിയത് അന്നാണ്.

കേരളത്തിലേക്കുള്ള നാലാമത്തെ വരവായിരുന്നു അത്. ഷൊർണ്ണൂരിൽ നിന്ന് ഒരു സുഹൃത്തിന്റെ വീട്ടിലേക്കാണ് ആദ്യം പോയത് പിന്നെ വടക്കാഞ്ചേരി, പന്നിത്തടം, പിന്നെ വീട്.

എല്ലാം വ്യത്യസ്തം. ഭാഷ, സംസ്കാരം, വസ്ത്രധാരണം എന്നിങ്ങനെ എല്ലാം. ഭാഗ്യത്തിന് മരത്തംകോട് ഗവർൺമെന്റ് ഹൈസ്കൂളിൽ അഡ്മിഷൻ കിട്ടി. പക്ഷെ എട്ടാം ക്ലാസിൽ വീണ്ടും പഠിക്കേണ്ടി വന്നു. മലയാളം അറിയാത്തതിനാൽ തുടക്കത്തിലെ വാശിയെന്ന നദിയുടെ ഒഴുക്കിൽ പഠിച്ചു കയറി. കുഴപ്പമില്ലാത്ത മാർക്കും ലഭിച്ചു. എന്തൊക്കെ നേടിയാലും ഒരു വിളിപ്പേരിൽ ഞാൻ അറിയപ്പെടാൻ തുടങ്ങിയത് എന്നെ വല്ലാതെ വേദനിപ്പിച്ചു. എന്നാലും ഒന്നിനും ഒരു മറുപടി പറയാതെ ഞാൻ നിശബ്ദത പാലിച്ചു.

പിന്നെ വീട്ടിലെ കാര്യം ഒന്നും പറയാനില്ല. എത്രയൊക്കെ യുദ്ധങ്ങൾ കഴിഞ്ഞാലും യുദ്ധക്കളത്തിൽ നിന്ന് പുറത്തിറങ്ങാനാകുന്നില്ല. എന്നെങ്കിലും ഇതൊക്കെ അവസാനിച്ചാൽ മതിയായിരുന്നു. യാഥാർത്ഥ്യവും സ്വപ്നവും തമ്മിലുള്ള യുദ്ധം.

***അഭിജിത്ത്***

# സ്നേഹസാന്ത്വനം

കണ്ണനാപുരം എന്ന ഗ്രാമത്തിൽ ഒരു അച്ഛനും, അമ്മയും മകളും താമസിച്ചിരുന്നു. രാജൻ എന്നായിരുന്നു അച്ഛന്റെ പേര്. അമ്മ മാലതി, മകൾ സുരഭി. കൊച്ചു വീടാണെങ്കിലും വളരെ

സന്തോഷത്തോടുകൂടിയാണ് അവർ കഴിഞ്ഞിരുന്നത്. സുരഭി പഠനത്തിലും, പാഠ്യേതരപ്രവർത്തനങ്ങളിലും ഒന്നാമതായിരുന്നു. അവൾ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് രാഹുൽ എന്ന കുട്ടി അവരുടെ സ്കൂളിലേക്കു വരുന്നത്. നല്ല സാമ്പത്തികസ്ഥിതിയുള്ള മാതാപിതാക്കളുടെ ഒരേയൊരു മകൻ. എന്നാൽ വീട്ടിലെ സ്നേഹമില്ലാത്ത അവസ്ഥ അവനെ എല്ലാത്തിനോടും വിരോധമുള്ളവനാക്കിയിരുന്നു. പല പല സ്കൂളുകൾ മാറിയാണ് അവൻ ഈ സ്കൂളിലെത്തിയത്.

സുരഭിയുടെ സന്തോഷം നിറഞ്ഞ ജീവിതത്തോട് രാഹുലിന് അസൂയയായിരുന്നു .അവന്റെ അസൂയ പല തരത്തിൽ അവൻ പ്രകടിപ്പിച്ചു. ബുക്കുകൾ മാറ്റി വെക്കുക , ബുക്കുകളിൽ വരക്കുക, പേന, പെൻസിൽ എന്നിവ ഒളിപ്പിച്ചു വെക്കുക.... എന്നിങ്ങനെ പോകുന്നു അവ. സുരഭി സ്കൂളിലെ ഓരോ അനുഭവവും വീട്ടിൽ പറയുമായിരുന്നു. ഈ സംഭവങ്ങളെല്ലാം പറഞ്ഞപ്പോൾ സുരഭിയുടെ മാതാപിതാക്കൾക്ക് രാഹുലിന് എന്തൊക്കെയോ മാനസിക വിഷമങ്ങളുണ്ടെന്ന് മനസിലാക്കാൻ കഴിഞ്ഞു. അവർ മകളോട് ഒരിക്കലും രാഹുലിനോട് വിരോധം കാണിക്കരുതെന്നും, ഒരു നല്ല സഹപാഠിക്കു മാത്രമേ ഇത്തരത്തിലുള്ള ദു:സ്വഭാവത്തിൽ നിന്നും രാഹുലിനെ മാറ്റി നല്ല കുട്ടിയാക്കാനും സാധിക്കുകയുള്ളൂവെന്നും പറഞ്ഞു. ക്ലാസ്സ് അധ്യാപികയെ വിളിച്ചു അവർ കാര്യങ്ങൾ ധരിപ്പിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ അധ്യാപികയുടെ നിർദേശപ്രകാരം എല്ലാ കുട്ടികളും രാഹുലിനോട് കൂടുതൽ സൗഹൃദത്തോടെ പെരുമാറാൻ തുടങ്ങി.

അവന്റെ മാതാപിതാക്കളെ വിളിച്ചു കാര്യങ്ങൾ ബോധ്യപ്പെടുത്താൻ പ്രയാസമനുഭവിച്ചെങ്കിലും അധ്യാപിക അതിൽ വിജയിച്ചു. രാഹുലിന് അവൻ ആഗ്രഹിച്ച സ്നേഹവും , പരിഗണനയും കിട്ടിതുടങ്ങിയപ്പോൾ അവന്റെ സ്വഭാവത്തിലും മാറ്റം വന്നു. ക്ലാസിലെ മികച്ച നിലവാരത്തിലുള്ള കുട്ടിയാക്കി രാഹുലിനെ മാറ്റിയെടുക്കുന്നതിൽ അധ്യാപിക വിജയിച്ചു. ആ വർഷത്തെ പരീക്ഷാഫലം വന്നപ്പോൾ സുരഭിയും, രാഹുലും ഉന്നതവിജയം കരസ്ഥമാക്കിയിരുന്നു. തന്റെ ഈ വിജയം അധ്യാപികയുടേയും, സഹപാഠികളുടേയും സ്നേഹത്തിന്റെ വിജയമാണെന്നു രാഹുൽ പറഞ്ഞു.

***ജുമൈല പി യു***

# ദേവഭാഷയെ ഓർക്കാം

**ശ്രാവണ പൂർണിമ-സംസ്കൃതദിനം**

ശ്രാവണമാസത്തിലെ വെജത്തവാവാണ് സംസ്കൃതദിനമായി ആചരിച്ചവരുന്നത്. ഇന്ദിരാഗാന്ധി പ്രധാന മന്ത്രിയായിരുന്ന കാലത്താണ് (1969) കേന്ദ്രസർക്കാർ സംസ്കൃതദിനാചരണത്തിന് തുടക്കം കുറിക്കുന്നത്. രാജ്യമെമ്പാടുമുള്ള വിദ്യാലയങ്ങളിലും, കലാലയങ്ങളിലും അന്നേ ദിവസം വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രാചീനകാലത്തെ ഗുരുകുല സമ്പ്രദായത്തിൽ അധ്യായനം ആരംഭിച്ചിരുന്നത്. ശ്രാവണ പൂർണിമദിനത്തിലായിരുന്നു. അതാണ് സംസ്കൃതദിനമായി ഈ ദിവസം തിര ഞ്ഞടുക്കാൻ കാരണമായത്. സംസ്കൃതിക്കപ്പെട്ടത് എന്നതാണ് സംസ്കൃതപദത്തിനർത്ഥം.

**<u>ഒദ്യോഗികഭാഷ</u>**

സംസ്കൃതം ഔദോഗിക ഭാഷയായി പ്രഖ്യാപിച്ച ഭാരതത്തിലെ ഒരു സംസ്ഥാനമാണ് ഉത്തരാഞ്ചൽ.

**<u>സംസ്കൃതഗ്രാമം</u>**

സംസ്കൃതം മാത്രം സംസാരിക്കുന്ന ഭാരതത്തിലെ ഒരു ഗ്രാമമാണ് കർണാടകയിലെ ‘മത്തൂർ'.

**<u>സംസ്കൃത മാസിക</u>**

ഭാരതമുദ്ര

രസനാ

**<u>ആപ്തവാക്യങ്ങൾ സംസ്കൃതത്തിൽ</u>**

“സത്യമേവ ജയതേ "

“സത്യം ശിവം സുന്ദരം"

“ബഹുജനഹിതായ ബഹുജന സുഖായ"

**<u>സംസ്കൃത ചലച്ചിത്രം</u>**

ആദിശകരാചാര്യർ

ആദിഭാഷയും ഭാരതസംസ്ക്കാരത്തിന്റെ ഉല്പത്തിയുമായ ദേവഭാഷയായ സംസ്കൃതം പ്രത്യേകമതത്തിനോ, ജാതിക്കോ, രാഷ്ട്രങ്ങൾക്കോ അതീതമായി സാർവ്വലൗകികശാന്തിയും, നന്മയും, സംസ്ക്കാരവും വിളംബരം ചെയ്യുന്നു. അതുകൊണ്ട് സംസ്ക്കൃതഭാഷയും സംസ്ക്കാരവും പരിപോഷിപ്പിക്കേണ്ടത്

ഓരോരുത്തരുടെയും കടമയാണെന്നുറച്ചു വിശ്വാസിച്ച് ഒരുമിച്ച് പ്രവർത്തിക്കാം.

"ലോകാ: സമസ്താ :സുഖിനോ ഭവന്തു"

**<u>മഹത് വചനം</u>**

"ചെറുപ്പത്തിൽ രണ്ടു കാര്യങ്ങളിൽ കാണിച്ച അശ്രദ്ധയോർത്ത് ഞാൻ ഏറെ ദു:ഖിക്കുന്നുണ്ട് . ഒന്ന് കൈയക്ഷരം നന്നാക്കാത്തതിൽ മറ്റൊന്ന് സംസ്കൃതപഠനത്തിൽ താല്പര്യമെടുക്കാത്തതിൽ" -ഗാന്ധിജി.

## തമോദ്രവ്യം

പ്രപഞ്ചത്തിൽ നിലനിൽക്കുന്നതായി കരുതപ്പെടുന്ന,കാണാനോ കഴിയാത്തവിധത്തിലുള്ള ദ്രവ്യമാണ് ഡാർക്ക് മാറ്റർ അഥവാ തമോദ്രവ്യം. പ്രകാശത്തെ ആഗിരണംചെയ്യുകയോ പ്രതിഫലിപ്പിക്കുകയോചെയ്യാത്ത ഇവയുടെ സാന്നിധ്യം മാത്രമാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. കാണാൻ സാധിക്കുന്ന പദാർഥങ്ങളിൽ തമോദ്രവ്യത്തിൻെറ സ്വാധീനം ഉണ്ടാകുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. ദൃശ്യമായ രൂപമോ ആകൃതിയോ ഇല്ലാത്തതിനാലാണ് മറഞ്ഞിരിക്കുന്ന ഇവയെ തമോദ്രവ്യം എന്നു വിളിക്കുന്നത്.

# തമിഴ് കവിത

## அவள்...

அமைதியாகத்தான் இருந்தேன் இதுநாள் வரை,
உன் கருவறையில். - ஏனோ?
தொப்புள் கொடி அறுக்கும் நேரம் சிறு கண்ணீர்த்துளி
மனதோரம், வலியல்ல இனியில்லையென்ற துயரால்
தங்கத்தொட்டில் தந்தாலும், உன் மடி தானே
என் உறக்கத்தின் உறைவிடம்.
தாலாட்டுப்பாட்டது போதுமடி என் - தலை
அறுத்துப் போட்டாலும் தானுறங்க.
இவ்வுலகின் முதலும் கடைசியுமான அதிசயம்
நீதானே என் அம்மா.
என்றும் புதிராய், தாயின் பாசம் உண்மையில்
தேனினும் இனிது
பாசத்தின் பதிவிடம்
பிரபஞ்சத்திலும் பெரிது
உயிரின் உறைவிடம்
வார்த்தைகள் எவ்வளவோ? உனைப் போன்ற
கண்டெடுத்த ஆளில்லை...

**അഭിജിത്ത് കെ വി**

# സ്കൂളിലെ ഓർമകൾ

ഞാൻ ഒൻമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ്. മരത്തംകോട് ഗവ.സ്കൂളിൽ പഠിക്കുന്നു. സ്കൂൾ ജീവിതത്തിൽ ഏറ്റവും സന്തോഷമുണ്ടായത് ഏഴാം ക്ലാസിൽപഠിക്കുബോഴാണ്. ഞാൻ ഇതുവരെ രണ്ടു തവണയാണ് സ്കൂളിൽ നിന്ന് ടൂർപോയത് ഒന്ന്ആറിലും ഏഴിലും. ആറിൽ പോയത് ഡ്രീംവേൾഡ് എന്ന പാർക്കിലേക്കാണ് പോയത്. അവിടെ കൂടുതൽ വെള്ളത്തിലെ കളികളായിരുന്നു. എനിക്കാണെങ്കിൽ നീന്താനൊനും അറിയില്ലായിരുന്നു. അതുകൊണ്ട് എനിക്ക് അത്ര എഞ്ജോയമന്റ് ആയില്ല. പിന്നെ എന്റെ ക്ലാസിലെ ആരും തന്നെ ഉണ്ടായിരുന്നില്ല. ഞാൻ ഒറ്റപെട്ടതുപോലെആയി. പക്ഷേ ഏഴാം ക്ലാസിലെ ടൂർപോകാനായി എന്റെ ക്ലാസിലെ എല്ലാവരും ഉണ്ടായിരുന്നു. എന്നാൽ ഞങ്ങൾ പോയത് വ്യത്യസ്തമായ ടൂർ ആയിരുന്നു. തൃശൂരിലെ പ്രശസ്തമായ മ്യൂസിയത്തിലേക്കും മൃഗശാലയിലേക്കും വാഴാനിഡാമിലേകും പിന്നെ ഞങ്ങൾ ട്രയിനിലും പോയി. ഞങ്ങൾ വിചാരിച്ചതിനേക്കാളും നല്ല യാത്രയായിരുന്നു. ഞങ്ങൾ ശരിക്കും ആസ്വദിച്ചു ഞങ്ങൾ ട്രയിനിൽ ഉറക്കെ പാട്ടുപാടി. ടീച്ചർ കാണാതെ ഞങ്ങൾ zoo വിലേക്ക് വീണ്ടും പോയി. അപ്പോൾ ഒരു സിംഹത്തെ ഒരു ചെറിയ കൂട്ടിൽ നിന്ന് വലിയ കൂട്ടിലേക്ക് തുറന്നു വിടുന്നത് ഞങ്ങൾ കണ്ടു. അത് ഗർജിക്കുകയുണ്ടായി.പിന്നെ ഞങ്ങൾ വഴാനി ഡാമിലെ തൂക്കുപാലത്തിലൂടെ നടന്നു. അതിലൂടെ നടക്കുമ്പോൾ ഞങ്ങൾ ടീച്ചറെ പേടിപ്പിച്ചു. ഓർമയിൽ എന്നും നിറം മങ്ങാതെ നിൽക്കുന്നു ആ യാത്ര............

***അബ്ദുൾ ലത്തീഫ്***

നന്ദി . . .

Team Little Kites

GHS Marathancode